©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസററ്

# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

**PUBLISHED BY AUTHORITY**

വാല്യം 10 / Vol. X

തിരുവനന്തപുരം, ചൊവ്വ
Thiruvananthapuram, Tuesday

2021 ജൂൺ 8
8th June 2021

1196 ഇടവം 25
25th Idavam 1196

1943 ജ്യേഷ്ഠം 18
18th Jyaishta 1943

നമ്പർ / No. 23

## PART III

## Notifications by Heads of Departments

# Commissionerate of Land Revenue

# ALAPPUZHA DISTRICT

## Karthikappally Taluk

പരസ്യം

നമ്പർ എ3-7285/2021. 2021 മേയ് 28.

കാർത്തികപ്പള്ളി താലൂക്കിൽ പുതുപ്പള്ളി വില്ലേജിൽ പ്രയാർ വടക്ക് മുറിയിൽ കുമാരി ഭവനം വീട്ടിൽ ശോഭനാകുമാരി, ബി. ടിയാളുടെ ഭർത്താവ് ശ്രീവത്സൻ വാസുദേവൻനായർ എന്നയാൾ മരണപ്പെട്ടു പോയെന്നും വിവിധ ആവശ്യങ്ങൾക്കായി ഒരു അവകാശ സർട്ടിഫിക്കറ്റ് നൽകണമെന്നും കാണിച്ച് ബോധിപ്പിച്ച അപേക്ഷയിൻമേൽ പുതുപ്പള്ളി വില്ലേജാഫീസർ മുഖേന അന്വേഷണവും അവകാശ വിചാരണയും നടത്തിയതിൽ ടിയിൽ ശ്രീവത്സൻ വാസുദേവൻനായർ 6-3-2021-ൽ മരണപ്പെട്ടുപോയെന്നും ഹിന്ദു പിൻതുടർച്ചാവകാശ നിയമ പ്രകാരം പരേതന് താഴെ പറയുന്നവരാണ് അവകാശികളായിട്ടുള്ളതെന്നും അറിവായിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | ശോഭനാകുമാരി, ബി. | ഭാര്യ | 46 |
| 2 | അഖിൽ എസ്. നായർ | മകൻ | 26 |
| 3 | രാഹുൽ എസ്. നായർ | ,, | 18 |

(പരേതരുടെ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ല.)

ആകയാൽ ടിയിൽ പരേതനായ ശ്രീവത്സൻ വാസുദേവൻനായർ എന്നയാളുടെ നിയമാനുസൃത അവകാശികൾ മേൽ വിവരിച്ച 3 പേർ മാത്രമാണെന്ന് കാണിച്ച് ഒരു അവകാശസർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം കേരള ഗവൺമെന്റ് ഗസറ്റിൽ പരസ്യപ്പെടുത്തി 30 ദിവസത്തിനകം കാർത്തികപ്പള്ളി തഹശീൽദാർ മുമ്പാകെ നേരിട്ട് ഹാജരായി രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞും തപാൽ മാർഗ്ഗവും ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
കാർത്തികപ്പള്ളി. തഹശീൽദാർ.

---

# KOTTAYAM DISTRICT

## Meenachil Taluk

തിരുത്തൽ പരസ്യം

നമ്പർ സി2-10054/2020. 2021 ഏപ്രിൽ 29.

5-1-2021-ലെ 1-ാം നമ്പർ കേരള ഗസറ്റിൽ കമ്മീഷണറേറ്റ് ഓഫ് ലാന്റ് റവന്യൂ വിഭാഗത്തിൽ (വാല്യം 10, പാർട്ട് III) പേജ് നമ്പർ 49-ൽ പ്രസിദ്ധീകരിച്ച സി2-10054/2020 നമ്പർ പരസ്യത്തിൽ പരേതന്റെ അവകാശികളിൽ ക്രമനമ്പർ 3, 4 ആയി പ്രസിദ്ധീകരിച്ച അദിതികൃഷ്ണ, മകൾ-7, ആദി കൃഷ്ണ, മകൻ-5 എന്നത് അദിതികൃഷ്ണ, മകൾ-7, ആദികൃഷ്ണ, മകൾ-5 എന്ന് തിരുത്തി വായിക്കേണ്ടതാണ്.

താലൂക്കാഫീസ്, (ഒപ്പ്)
മീനച്ചിൽ. തഹശീൽദാർ.

## Kanjirappally Taluk

തിരുത്തൽ പരസ്യം

നമ്പർ സി2-4290/2020. 2021 ഏപ്രിൽ 29.

16-3-2021-ലെ 11-ാം നമ്പർ കേരള ഗസറ്റിൽ (വാല്യം 10, പാർട്ട് III) കമ്മീഷണറേറ്റ് ഓഫ് ലാന്റ് റവന്യൂ വിഭാഗത്തിൽ 2001-ാം നമ്പർ പേജിൽ (2)-ാം നമ്പരായി പ്രസിദ്ധീകരിച്ച പരസ്യത്തിൽ പരേതനായ ആന്റണി ജയ്സൺ, റ്റി. S/O ആന്റണി ജോസഫ് എന്നയാളുടെ അനന്തരാവകാശികളിലൊരാളായ (ക്രമ നമ്പർ-2) ക്രിസ്റ്റീൻ എലിസബത്ത് ജയ്സൺ എന്നവർക്ക് പരേനുമായുള്ള ബന്ധം 'മകൻ' എന്നുള്ളത് 'മകൾ' എന്ന് തിരുത്തി വായിക്കേണ്ടതാണ്.

താലൂക്കാഫീസ്, (ഒപ്പ്)
കാഞ്ഞിരപ്പള്ളി. തഹശീൽദാർ.

---

# IDUKKI DISTRICT

## Udumbanchola Taluk

പരസ്യം

നമ്പർ ബി3-5996/2021. 2021 ഏപ്രിൽ 16.

ഉടുമ്പൻചോല താലൂക്കിൽ രാജുമാരി വില്ലേജിൽ ഇടമറ്റം കരയിൽ പ്ലാച്ചേരിൽ വീട്ടിൽ എബിൻ ബാബു എന്നയാൾ 10-8-2019-ൽ മരണമടഞ്ഞിട്ടുള്ളതാണ്. പരേതന്റെ മാതാവ് മിനിബാബു പരേതന്റെ പിന്തുടർച്ചാവകാശികളെ നിർണ്ണയിക്കുന്നതിന് അനന്തരാവകാശ സർട്ടിഫിക്കറ്റിനായി അപേക്ഷിച്ചിട്ടുണ്ട്. അതിൻപ്രകാരം ബന്ധപ്പെട്ട വില്ലേജാഫീസർ മുഖേന അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവരാണ് പരേതന്റെ അനന്തരാവകാശികളെന്ന് കാണുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | മിനി ബാബു | മാതാവ് | 40 |
| 2 | അനീറ്റ ബാബു | സഹോദരി | 17 |

(പരേതൻ അവിവാഹിതനായിരുന്നു. പരേതന്റെ പിതാവ് ബാബു 16-5-2012-ൽ മരണമടഞ്ഞിട്ടുള്ളതാണ്.)

ഈ സാഹചര്യത്തിൽ മുകളിൽ കാണിച്ചിട്ടുളളവരാണ് പരേതന്റെ അനന്തരാവകാശികളെന്ന് സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആക്ഷേപമുള്ളവർ ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം ഈ ആഫീസിൽ രേഖകളുമായി നേരിട്ട് ഹാജരാകേണ്ടതാണ്. വൈകിയും തപാൽമാർഗ്ഗവും കിട്ടുന്ന പരാതികൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
ഉടുമ്പൻചോല. തഹശീൽദാർ.



Salim A
Digitally signed by Salim A
Date: 2021.07.20 14:11:48
+05'30'